**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1724** | 01.11.2019 ൽ മറുപടിയ്ക്ക്

## മങ്ങാട്ടുപുലം - ഹാജിയാർപള്ളി തൂക്കുപാലം പുനഃസ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ഉബൈദുള്ള** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** |
| (എ) | ജനകീയാസൂത്രണ പദ്ധതിയിൽ നിർമ്മിച്ച സംസ്ഥാനത്തെ ആദ്യത്തെ തൂക്കുപാലമായ മലപ്പുറം മണ്ഡലത്തിലെ മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം കഴിഞ്ഞ പ്രളയത്തിൽ തകർന്ന് ഒലിച്ചുപ്പോയ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) | കോഡൂർ പഞ്ചായത്തിലെ മങ്ങാട്ടുപുലം പ്രദേശവും മലപ്പുറം നഗരസഭയിലെ ഹാജിയാർപള്ളി ഭാഗത്തെയും ബന്ധിപ്പിക്കുന്ന കടലുണ്ടിപ്പുഴയ്ക്ക് കുറുകെ 120 മീറ്റർ നീളവും 1.20 മീറ്റർ വീതിയുമുള്ള തൂക്കുപാലം 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ പൂർണ്ണമായും തകരുകയുണ്ടായി. മങ്ങാട്ടുപുലം-ഹാജിയാർപള്ളി തൂക്കുപാലം പുനർനിർമ്മാണത്തിനാവശ്യമായ ഭാരിച്ച ചെലവ് ഏറ്റെടുക്കാൻ പഞ്ചായത്തിന് നിർവ്വാഹമില്ലാത്തതിനാൽ പുഴയിൽ വീണ് കിടക്കുന്ന തൂക്കുപാലത്തിന്റെ ഭാഗങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് അഴിച്ച് മാറ്റുന്നതിനും DPR തയ്യാറാക്കി തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് സർക്കാരിലേക്ക് ശുപാർശ ചെയ്യണമെന്നുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച വരുന്നു. |
| (ബി) | മലപ്പുറം നഗരസഭയിലെയും കോഡൂർ പഞ്ചായത്തിലെയും ഇതുവഴി കടന്നുപോകുന്ന ജനങ്ങളുൾപ്പെടെയുള്ളവരുടെ പ്രയാസങ്ങൾ കണക്കിലെടുത്ത് തൂക്കുപാലം പുനഃസ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | |

Danya M (signature)

**സെക്ഷൻ ഓഫീസർ**